**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3779** **12/12/2018-ന് മറുപടിക്ക്**

**ഭരണഭാഷ മലയാളമാക്കുന്ന നടപടി**

**ചോദ്യം**
**ശ്രീ.കെ ബാബു**

**ഉത്തരം**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഭരണഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ, അർദ്ധസർക്കാർ,പൊതുമേഖല, സഹകരണ സ്ഥാപനങ്ങളിൽ ഭരണഭാഷ മലയാളമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെ മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് പ്രസ്തുത വിജ്ഞാപനം നിഷ്കർഷിക്കുന്നുണ്ട്.<br>2017 മെയ് 1 മുതൽ സെക്രട്ടേറിയറ്റ് ഉൾപ്പടെയുള്ള സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സഹകരണസ്ഥാപനങ്ങളിൽ ഔദ്യോഗികഭാഷ മലയാളമായിരിക്കണം എന്ന വ്യവസ്ഥ നിർബന്ധമാക്കി. ഔദ്യോഗികഭാഷ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നുണ്ടോയെന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും സർക്കാർ ഓഫീസുകളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് പരിശോധനകൾ നടത്തുകയും പരിശോധനകളിൽ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ഓഫീസുകൾക്ക് നൽകുകയും ചെയ്യുന്നുണ്ട്.<br>ഇതുകൂടാതെ ഉദ്യോഗസ്ഥരുടെ ഭരണഭാഷാവബോധം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാതലത്തിൽ അവബോധ പരിപാടി സംഘടിപ്പിക്കുന്നുണ്ട്.<br>ഭരണരംഗത്ത് മലയാളഭാഷാ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും ജീവനക്കാർക്കും, ഏറ്റവും മികച്ച രീതിയിൽ ഭരണഭാഷാമാറ്റ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ജില്ലയ്ക്കും ,വകുപ്പിനും പുരസ്കാരങ്ങൾ നൽകി വരുന്നു.<br>ഔദ്യോഗികഭാഷ മലയാളമാക്കുന്നതിൽ കൈവരിച്ച പുരോഗതി വിലയിരുത്തുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ആറുമാസത്തിലൊരിക്കൽ ഉന്നതതല സമിതിയോഗവും, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നാലു മാസത്തിലൊരിക്കൽ സംസ്ഥാനതല സമിതി യോഗവും, വകുപ്പ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ മൂന്നു മാസത്തിലൊരിക്കൽ വകുപ്പുതല ഔദ്യോഗികഭാഷാ സമിതിയോഗങ്ങളും, ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ മൂന്നു മാസത്തിലൊരിക്കൽ ജില്ലാതല ഏകോപനസമിതി യോഗങ്ങളും, ഓരോവകുപ്പിലെയും ജില്ലാ ഓഫീസർമാരുടെ നേതൃത്വത്തിൽ രണ്ടുമാസത്തിലൊരിക്കൽ ജില്ലാതല ഔദ്യോഗികഭാഷാ സമിതി യോഗങ്ങളും ചേരുന്നുണ്ട്. |
| (ബി) | നിലവിൽ ഏതെല്ലാം വകുപ്പുകളിലാണ് ഭരണഭാഷ മലയാളത്തിൽ ആക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ? | (ബി) | സെക്രട്ടേറിയറ്റ് ഉൾപ്പടെയുള്ള എല്ലാ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല,സഹകരണസ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് 19/01/2015 തീയതിയിലെ എസ്. ആർ. ഒ.നമ്പർ 43/2015 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**